"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-തെരുവ് വിളക്കുകൾ LED- യിലേയ്ക്ക് മാറ്റുന്ന നിലാവ് പദ്ധതി-പ്രാരംഭ പഠന ചെലവുകൾക്കായി തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡി എ )വകുപ്പ്

സ.ഉ.(സാധാ) നം.1784/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/09/2020

---

പരാമർശം:- 1 സ.ഉ(കൈ)നം.117/2020/ത.സ്വ.ഭ.വ തീയതി, 10/08/2020.

2 ബഹു. മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ കോ-ഓഡിനേറ്ററുടെ 26/09/2020-ലെ 013/2020 നമ്പർ കത്ത്.

3 28/09/2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/6807/2020-G2(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്ന നിലാവ് പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി-യുമായി ചേർന്ന് പ്രാരംഭ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണം ലഭ്യമാക്കണമെന്നും, പഠന വേളയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ ഒരു പ്രതിനിധിയെയും വാഹനവും ലഭ്യമാക്കണമെന്നും കെ.എസ്.ഇ.ബി യിൽ സ്റ്റാഫ് ലഭ്യതക്കുറവ് മൂലം കോൺടാക്ട് സ്റ്റാഫിനെ നിയോഗിക്കുമ്പോൾ അത്തരം സ്റ്റാഫിന് തദ്ദേശസ്വയംഭരണ സ്ഥാപനം വേതനം നൽകണമെന്നും കെ.എസ്.ഇ.ബി അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് പരാമർശം (2 ) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ കോ-ഓഡിനേറ്റർ അറിയിച്ചിട്ടുണ്ട് .

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണവകുപ്പിൽ നടപ്പിലാക്കുന്ന നിലാവ് പദ്ധതിയുടെ ഭാഗമായി. അനുബന്ധമായി ചേർത്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി-യുമായി ചേർന്ന് പ്രാരംഭ പഠനം നടത്താൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ ഒരു പ്രതിനിധിയെയും വാഹനവും ലഭ്യമാക്കേണ്ടതാണെന്നും ഈ ആവശ്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ കെ.എസ്.ഇ.ബി-ക്കോ അല്ലെങ്കിൽ ഇരു സ്ഥാപനങ്ങൾക്കുമൊ കരാർ ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ടെങ്കിൽ അത്തരം കരാർ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വേതനം നൽകുന്നതിനും ആയത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നല്കി ഉത്തരവാകുന്നു.

• പദ്ധതി സംബന്ധിച്ച പ്രാരംഭ പഠനം 2020 ഒക്ടോബർ 10-നുള്ളിൽ പൂർത്തീകരിക്കേണ്ടതും കെ.എസ്.ഇ.ബി ആയത് നിരീക്ഷിച്ച് ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്). കേരള. തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ). കേരള. തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.0?.?0 11:37:24 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
1) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3) ബഹു. മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ കോ-ഓഡിനേറ്റർ .

# Annexure

| Local Self Government | |
|---|---|
| **Corporation** | |
| 1. | Kannur Corporation |
| **Municipality** | |
| 1. | Kalpetta - Wayanad District |
| 2. | Thalassery - Kannur District |
| 3. | Mattannur - Kannur District |
| 4. | Ponnani - Malappuram District |
| 5. | Kottayam - Kottayam District |
| 6. | Pathanamthitta- Pathanamthitta District |
| 7. | Attingal - Trivandrum District |
| **Panchayats** | |
| 1. | Bedadukka - Kasargod District |
| 2. | Vayalar - Alappuzha District |
| 3. | Alappad - Kollam District |
| 4. | Kanthalloor - Idukki District |
| 5. | Payam - Kannur District |
| 6. | Pothukkal - Malappuram District |
| 7. | Kattoor - Thrissur District |
| 8. | Puthuperiyaram - Palakkad District |
| 9. | Mulavukad - Eranakulam District |
| 10. | Meppadi - Wayanad District |
| 11. | Chelannur - Kozhikkode District |